**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2317** **12-02-2024 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2021 മുതൽ സർക്കാർ ഉദ്യോഗസ്ഥരുടെയും അവരുടെ ആശ്രിതരുടെയും മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനുള്ള അപേക്ഷകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; എത്ര അപേക്ഷകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നു; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2023 ജനുവരി മാസം മുതൽ ആരോഗ്യ വകുപ്പിൽ ലഭ്യമായ മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനുള്ള അപേക്ഷകൾ പരിശോധനയുടെ ഭാഗമായുള്ള വിവിധ ഘട്ടങ്ങളിലായി നിലവിൽ തീർപ്പ് കൽപ്പിക്കാനുണ്ട്. മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ക്ലയിം അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടേറ്റിൽ അദാലത്തുകൾ നടത്തി വരുന്നു. ആയതിലേക്ക് ടി ഓഫീസിലെ ജീവനക്കാരെ ഉൾപ്പെടുത്തി അവധി ദിവസങ്ങളിൽ ഉൾപ്പെടെ എം.ആർ ബില്ലുകൾ തീർപ്പാക്കി വരുന്നുണ്ട്. സർക്കാർ നല്കുന്നതിനുപുറമേ വിവിധ വകുപ്പുകളിൽ നിന്നായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേയ്ക്കും, DMO ഓഫീസുകളിലേയ്ക്കും, നേരിട്ടും മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ക്ലെയിം അപേക്ഷകൾ അർഹത പരിശോധനയ്ക്കായി അയച്ച് നൽകുന്നുണ്ട്. അപേക്ഷകളുടെ ബാഹുല്യം കാരണം തീർപ്പാക്കാൻ കാലതാമസം നേരിടുന്നുണ്ട്. 2023 ജനുവരി മുതൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും, ജില്ലാ മെഡിക്കൽ ഓഫീസുകളിലും ഉൾപ്പെടെ ഏകദേശം 1700 ഓളം മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കാനുണ്ട്. |
| (ബി) | നിലവിൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനുള്ള അപേക്ഷകൾ സീനിയോറിറ്റി പ്രകാരമാണോ പരിഗണിക്കുന്നത്; അല്ലെങ്കിൽ ടി അപേക്ഷകൾ സീനിയോറിറ്റി പ്രകാരം പരിഗണിച്ച് സമയബന്ധിതമായി തീർപ്പാക്കി വർഷങ്ങളുടെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷകൾ സീനിയോറിറ്റി പ്രകാരമാണ് പരിഗണിക്കുന്നത്. |

സെക്ഷൻ ഓഫീസർ